"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- എഞ്ചിനീയറിംഗ് വിഭാഗം- SC 3/2020/SIU- തിരുവനന്തപുരം നഗരസഭയിലെ ആറ്റുകാൽ വിശ്വരൂപ് കോംപ്ലക്സ് നിർമ്മാണത്തിലെ ക്രമക്കേട്- മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ. എസ്. സുരേഷ് കുമാർ-നെതിരെ വകുപ്പുതല അച്ചടക്കനടപടി-ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.896/2026/LSGD തീയതി,തിരുവനന്തപുരം, 20-04-2026

---

പരാമർശം:-

1. വിജിലൻസ് (ഡി) വകുപ്പിന്റെ 09.02.2021-ലെ വിജി-ഡി1/447/2020/വിജി കത്ത്
2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15.06.2020-ലെ ഇ19(എസ്.സി.3/2020/എസ്.ഐ.യു-1) 8985/2020 നമ്പർ കത്ത്.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്ന ശ്രീ.എസ്. സുരേഷ് കുമാർ-നെതിരെയുള്ള 22.06.2024-ലെ ഇഡബ്ല്യൂഎ1/34/2021/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും.
4. സ.ഉ.(സാധാ.)നം.2169/2023/LSGD തീയതി 12.11.2024.
5. എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയിരുന്ന ശ്രീ.എസ്. സുരേഷ് കുമാർ സമർപ്പിച്ച 25-11-2024-ലെ പ്രതിവാദ പത്രിക.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ ആറ്റുകാൽ വിശ്വരൂപ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 25/01/2020-ന് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളും ആയതിനുത്തരവാദികളായ ജീവനക്കാരുടെ വിവരങ്ങളും ശിപാർശ സഹിതം പരാമർശം 1, 2 പ്രകാരം വിജിലൻസ് ഡയരക്ടർ വിജിലൻസ് വകുപ്പ് മുഖേന ലഭ്യമാക്കി. കുററാരോപിതർക്കെതിരെ വകുപ്പുതലനടപടി ആരംഭിച്ച് പബ്ലിക് വർക് ഓവർസിയർ ശ്രീ. സുധീർ, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. അഖിൽഹരി, പബ്ലിക്

വർക് ഓവർസിയർ ശ്രീമതി ശ്രീലത എന്നിവർക്കെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടി ടിയാളുകളുടെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ടും അസിസ്റ്റന്റ് എഞ്ചിനീയർ (റിട്ട.) ശ്രീ. അനന്ദലാലിനെതിരെ KSR Part III Rule 59(d) പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കിക്കൊണ്ടും നടപടി തീർപ്പാക്കി പരാമർശം 4 പ്രകാരം ഉത്തരവായിരുന്നു. ഫോർട്ട് സോണൽ ഓഫീസിലെ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന, ശ്രീ. എസ്. സുരേഷ് കുമാർ എതിർവാദപത്രിക നാളതുവരെ സമർപ്പിയ്ക്കാത്തതിനാൽ ടിയാനെതിരെയുള്ള അച്ചടക്കനടപടി പ്രത്യേകം പരിഗണിച്ച് തീർപ്പാക്കുന്നതാണ് എന്നും ഉത്തരവായിരുന്നു.

2) തുടർന്ന് ശ്രീ. എസ്. സുരേഷ് കുമാർ പരാമർശം 5 പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചു. ആയതിൽ ടിയാൾ കുറ്റം നിഷേധിച്ചു. അതിനാൽ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ടിയാൾക്കെതിരെ സ്വീകരിച്ചു വരുന്ന അച്ചടക്കനടപടിയുടെ അടുത്തപടിയായി അതേ ചട്ടങ്ങളിലെ 15(2) പ്രകാരം ഈ വിഷയത്തിൽ ഔപചാരികഅന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനായി ശ്രീ. ഷാജി ജെ.(പെൻ:439127), സൂപ്രണ്ടിംഗ് എഞ്ചിനീയർ, സൗത്ത് സർക്കിൾ, തിരുവനന്തപുരം-യെ നിയോഗിച്ച് ഉത്തരവാകുന്നു.

3) 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, Manual of Disciplinary Proceedings എന്നിവയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് അധാരമായ രേഖകളും വാദിഭാഗം, പ്രതിഭാഗം, സാക്ഷിമൊഴികൾ, അന്വേഷണ ഉദ്യോഗസ്ഥന്റെ അഭിപ്രായം എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീ.ഷാജി ജെ. (പെൻ:439127), സൂപ്രണ്ടിംഗ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സൗത്ത് സർക്കിൾ, തിരുവനന്തപുരം. (പരാമർശത്തിന്റെ പകർപ്പ് സഹിതം)

**(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന.)**

2. ശ്രീ.എസ്.സുരേഷ് കുമാർ,എക്സിക്യൂട്ടിവ് എഞ്ചിനിയർ,ചങ്ങനാശ്ശേരി മുനിസിപാലിറ്റി
   (മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഫോർട്ട് സോണൽ ഓഫീസ്, തിരുവനന്തപുരം കോർപറേഷൻ)
   **(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന.)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഈ ഉത്തരവുപ്രകാരമുള്ള അടിയന്തര നടപടിയ്ക്കായി)**
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം.
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(EWA1/34/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 21-04-2026 11:36:48

സെക്ഷൻ ഓഫീസർ